"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക്. ശ്രീമതി. അനീസ സി.എ.യ്ക്കെതിരായ അച്ചടക്ക നടപടി - പുനഃപരിശോധനാ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.705/2019/ത.സ്വ.ഭ.വ തീയതി;തിരുവനന്തപുരം, 25/03/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 25.07.2015-ലെ ഇ4-(എസ് സി 78/14/എഎൽപി)34411/2014നമ്പർ കത്ത്

2 സർക്കാരിന്റെ 27.05.2017-ലെ 649/ഇപിബി2/15/തസ്വഭവ നമ്പർ കുറ്റപത്രം

3 സ.ഉ.(സാധാ) നം.1396/2018/തസ്വഭവ തീയതി 21.05.2018

4 ശ്രീമതി. അനീസ സി.എ. സമർപ്പിച്ച 12.06.2018-ലെ പുനഃപരിശോധനാ ഹർജി

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ കേടുപാടുകൾ തീർക്കുന്നതിലും, അറ്റകുറ്റപ്പണികൾ നടത്തുന്നതിലും ഉണ്ടാകുന്ന ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻ സ് & ആന്റി കറപ് ഷൻ ബ്യൂറോ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർ ശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2010-2011, 2011-2012, 2012-2013, 2013-2014 കാലയളവുകളിലെ തെരുവ് വിളക്കുപകരണങ്ങളുടെ ഇടപാടുകളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും, ഓരോ വർഷവും മിച്ചം വരുന്ന തെരുവ് വിളക്കുപകരണങ്ങൾ സ്റ്റോക്ക് ബാലൻസായി ക്യാരി ഓവർ ചെയ്ത് അടുത്ത വർഷത്തെ സ്റ്റോക്കിൽ ചേർക്കുന്നില്ലെന്നും, സ്റ്റോക്ക് രജിസ്റ്ററിൽ പഞ്ചായത്ത് സെക്രട്ടറി സർട്ടിഫിക്കറ്റ് എഴുതിക്കാണുന്നില്ലെന്നും, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാണുന്ന തെരുവ് വിളക്കുപകരണങ്ങളുടെ സ്റ്റോക്കും ഫിസിക്കൽ പരിശോധനയിൽ കാണപ്പെട്ട യഥാർത്ഥ സ്റ്റോക്കും തമ്മിൽ വ്യത്യാസം കാണപ്പെട്ടുവെന്നും 10 ഇനങ്ങളിൽ കുറവും 2 ഇനങ്ങളിൽ കൂടുതലുമാണ് കാണപ്പെട്ടതെന്നും കണ്ടെത്തുകയുണ്ടായി. വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചയ്ക്കുത്തരവാദിയായ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി. അനീസയ്ക്കെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായും കാലികമായും സൂക്ഷിക്കുക എന്നത് സെക്ഷൻ ക്ലാർക്കിന്റെ ഉത്തരവാദിത്വമായതിനാൽ ഇക്കാര്യത്തിൽ ശ്രീമതി. അനീസക്ക് ചെറിയ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. അനീസക്കെതിരായ അച്ചടക്ക നടപടി ടിയാരിയ്ക്ക് "സെൻഷർ" നൽകി അച്ചടക്കനടപടി തീർപ്പാക്കി പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി. അനീസ പരാമർശം (4) പ്രകാരം പുനഃപരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി. തുടർന്ന് ശ്രീമതി. അനീസയെ 16.10.2018-ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. താൻ 26.6.2013-ൽ മണ്ണഞ്ചേരി മുനിസിപ്പാലിറ്റിയിൽ സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം ലഭിച്ച ജോലിയിൽ പ്രവേശിക്കുകയും 07.05.2014 മുതൽ പ്ലാൻ വിഭാഗത്തിൽ ജോലിനോക്കിയെന്നും പ്രൊജക്റ്റ്, ടെണ്ടർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ താൻ തന്നെയാണ് കൈകാര്യം ചെയ്തിരുന്നതെന്നും സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതും അതിന്റെ വിതരണവും സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആയതിനാൽ അത് സംബന്ധമായ രജിസ്റ്ററുകൾ പ്ലാൻ സെക്ഷനിൽ സൂക്ഷിച്ചിട്ടില്ലെന്നും തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച വിഷയം തന്നെ ഏല്പിച്ചിരുന്നില്ലയെന്നും അതിന്റെ പരിപാലനം സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും എഞ്ചിനീയറിംഗ് വിംഗിലെ ക്ലർക്കിനാണ് നല്കിയിട്ടുള്ളതെന്നും തനിയ്ക്ക് പ്ലാനിംഗ് സെക്ഷന്റെ ചുമതലയാണുണ്ടായിരുന്നതെന്നും അതിൽ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച ജോലി ഉൾപെട്ടിരുന്നില്ലയെന്നും ശ്രീമതി. അനീസ ബോധിപ്പിച്ചിട്ടുണ്ട്. 2010-11, 2011-12എന്നീ വർഷങ്ങളിൽ തെരുവ് വിളക്ക് സംബന്ധമായ വിഷയത്തിന്റെ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയായിരുന്നുവെന്നും 2012-13, 13-14 വർഷങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്നുവെന്നും 31.8.2015-ലെ 6 8 നമ്പർ ഉത്തരവ് പ്രകാരമാണ് തനിക്കു തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട വിഷയം അനുവദിച്ചു തന്നിട്ടുള്ളതെന്നും ചുമതല ലഭിച്ചതിനുശേഷം രജിസ്റ്റർ തുടങ്ങി നല്ല രീതിയിൽ തുടർന്ന് വന്നിരുന്നുവെന്നും 04.02.2016 വരെ ആ ജോലിയിൽ തുടർന്നു വന്നുവെന്നും 04.02.2016-ലെ 79 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സുരേഷ് എന്ന ക്ലർക്കിനു ചുമതല കൈമാറിയെന്നും അറിയിച്ചു. 2010-11 മുതൽ 2013 -2014 വരെയുള്ള കാലയളവിലെ തെരുവുവിളക്ക് പരിപാലന വിഷയവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് വിജിലൻസിന്റെ പരിശോധനയിൽ ഉൾപെട്ടിരുന്നതെന്നും 31.8.2015-ൽ ചുമതല ലഭിച്ച് ഫയൽ കൈകാര്യം ചെയ്തിരുന്ന തന്നെ ശിക്ഷിച്ചത് നീതിപൂർവമല്ലെന്നും ചുമതലയേറ്റശേഷം ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുള്ളതാണെന്നും ശ്രീമതി. അനീസ ബോധിപ്പിച്ചിട്ടുണ്ട്. തന്റെ ഭാഗത്തു വീഴ്ചയുണ്ടായിട്ടില്ല എന്നതിനാൽ ശിക്ഷ നൽകിയത് ഒഴിവാക്കണമെന്നും ശ്രീമതി. അനീസ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസിന്റെ അന്വേഷണ കാലയളവായ 2010-11മുതൽ 2013-14 എന്നീ വർഷങ്ങളിൽ ശ്രീമതി. അനിസ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്തിരുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. 31.5.2015-ൽ മാത്രമാണ് പ്രസ്തുത വിഷയം ശ്രീമതി. അനിസയ്ക്കു കൈമാറിയിട്ടുള്ളത്. ചുമതലയേറ്റശേഷം ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുള്ളതാണെന്നും ശ്രീമതി. അനീസ ബോധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി. അനീസയ്ക്ക് സെൻഷർ നൽകി തീർപ്പാക്കിയ അച്ചടക്ക നടപടിയിൽ നിന്നും ശ്രീമതി. അനീസയെ കുറ്റവിമുക്തയാക്കി ശ്രീമതി. അനീസ സി.എ. സമർപ്പിച്ച പുനഃപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹന്ദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

**File No.LSGD-EPB2/649/2015-LSGD**

1. ശ്രീമതി. അനീസ സി.എ, സീനിയർ ക്ലാർക്ക്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ. റിമാർക്ക്സ് നം.ഡി3/96/2017/വിജി. തീയതി 15.11.2018 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/649/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ